EKM/APC/2021 ഓഗസ്റ്റ് 17

നൈപുണ്യ കോളജിൽ സ്വാതന്ത്ര്യദിനാഘോഷം

കൊരട്ടി: സ്വാതന്ത്ര്യ ദിനാഘോഷത്തിന്റെ ഭാഗമായി നൈപുണ്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ആൻഡ് ഇൻഫർമേഷൻ ടെക്നോളജിയിൽ കസ്റ്റംസ് അസിസ്റ്റന്റ് കമ്മീഷണർ മൊയ്തീൻ നൈന പതാക ഉയർത്തി. കായിക പരിശീലകർക്കുള്ള അവാർഡുകൾ അദ്ദേഹം വിതരണം ചെയ്തു.

പ്രിൻസിപ്പൽ ഡോ. കെ.ജെ. പോളച്ചൻ സന്ദേശം നൽകി. നൈപുണ്യ കുടുംബത്തിലെ അംഗങ്ങളുടെ മക്കളിൽ നിന്നു തെരഞ്ഞെടുത്തവർക്ക് യുവപ്രതിഭാ പുരസ്കാരം എടക്കുന്ന് നൈപുണ്യ പബ്ലിക് സ്കൂൾ ഡയറക്ടർ ഫാ. വർഗീസ് പാലാട്ടി നൽകി. ഫാ. വർഗീസ് പാലാട്ടി, കായിക വിഭാഗം മേധാവി പി.എ. ശ്രീജിത്, അരുൺ ജോയ്, ജാൻസൺ ജെയിംസ് എന്നിവർ പ്രസംഗിച്ചു.

സ്റ്റുഡന്റ്സ് കൗൺസിലും എൻഎസ്എസും ഫിസിക്കൽ എഡ്യുക്കേഷൻ ഡിപ്പാർട്ട്മെന്റും സംയുക്തമായാണു പരിപാടികൾ സംഘടിപ്പിച്ചത്. വിദ്യാർഥികൾ ഓൺലൈനായി പരിപാടിയിൽ പങ്കെടുത്തു.

കൊരട്ടി നൈപുണ്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ആൻഡ് ഇൻഫർമേഷൻ ടെക്നോളജിയിൽ സ്വാതന്ത്ര്യ ദിനാഘോഷങ്ങളോടനുബന്ധിച്ച് പ്രിൻസിപ്പൽ ഡോ. കെ.ജെ. പോളച്ചൻ സമ്മാനവിതരണം നടത്തുന്നു.

തൃക്കാക്കര നഗരസഭയിൽ ഓണത്തോടനുബന്ധിച്ച് നടപ്പാക്കിയ മാതൃവന്ദനം പദ്ധതിയുടെ ഉദ്ഘാടനം ഹൈബി ഈഡൻ എംപി നിർവഹിക്കുന്നു.

തൃക്കാക്കരയിൽ മാതൃവന്ദനം തുടങ്ങി

കാക്കനാട്: ഓണത്തോടനുബന്ധിച്ച് തൃക്കാക്കര നഗരസഭ ഒരുക്കിയ മാതൃവന്ദനം പദ്ധതിയുടെ ഉദ്ഘാടനം ഹൈബി ഈഡൻ എംപി നിർവഹിച്ചു. ഇന്നലെ രാവിലെ നഗരസഭാ അങ്കണത്തിൽ നടന്ന ചടങ്ങിൽ ശ്രീമതി സുകുമാരി സുക്ഷിപ്പുകാരി സെലീനയ്ക്ക് ഓണപ്പുടവ നൽകിയാണ് പദ്ധതി ഉദ്ഘാടനം ചെയ്തത്. വാർഡുതലത്തിൽ അമ്മമാർക്ക് നൽകുന്നതിനുള്ള ഓണപ്പുടവ ഹൈബി ഈഡൻ കൗൺസിലർ സുനി കൈലാസന് കൈമാറി. ചെയർപേഴ്സൺ അജിത തങ്കപ്പൻ അധ്യക്ഷത വഹിച്ചു. ഓരോ വാർഡിലും 15 പേർക്ക് വീതമാണ് ഓണപ്പുടവ നൽകുന്നത്. വൈസ് ചെയർമാൻ എ.എ. ഇബ്രാഹിംകുട്ടി, സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻമാരായ സ്മിത സണ്ണി, സുനീറ ഫിറോസ്, സോമി റെജി, റാഷിദ് ഉള്ളംപിള്ളി, നൗഷാദ് പല്ലച്ചി, മുൻ ചെയർമാൻ ഷാജി വാഴക്കാല, അബ്ബു ഷാന, ലാലി ജോഫിൻ, ഉണ്ണി കാക്കനാട് , ഇ.പി. കാതർകുഞ്ഞ്, പി.എം.യൂനസ്, ടി.ജി. ദിനൂപ്, അജു നഹാഷിം തുടങ്ങിയവർ പ്രസംഗിച്ചു.

എറണാകുളം വൈഎം നം ഹൈബി ഈഡൻ

ചർച്ചാ സ

കൊച്ചി: സ്വാതന്ത്ര്യ വൈഎംസിഎയുടെ തന്ത്ര്യം എന്ന വിഷയ ടിപ്പിച്ചു. ഹൈബി ഈ

എറണാകുളം വൈ അധ്യക്ഷത വഹിച്ചു ഖ്യപ്രഭാഷണം നട ന്നു. വൈഎംസിഎ മസ്, ജനറൽ സെക്ര നേതൃത്വം നൽകി.

നായരമ്പലം ബാങ്കിന്റെ സ ങ്ക് പ്രസിഡന്റ് പി.കെ. രാജ

അങ്കമാലി മർച്ചന്റ്സ് അസോസിയേഷന്റെ ഓണം ഗിഫ്റ്റ് വൗച്ചറിന്റെ വിതരണോദ്ഘാടനം മുൻ പ്രസിഡന്റ് സാജു ചാക്കോയ്ക്ക് കൂപ്പണുകൾ നല്കി റോജി എം. ജോൺ എംഎൽഎ നിർവഹിക്കുന്നു.

ാപാരികൾക്ക് ഓണം ഗിഫ്റ്റ് ൗച്ചർ വിതരണം ചെയ്തു

മാലി: അങ്കമാലി മർച്ചന്റ്സ് അസോസിയേഷൻ അംഗങ്ങൾക്ക് ഓത്തോടനുബന്ധിച്ച് സൗജന്യമായി ഗിഫ്റ്റ് വൗച്ചറുകൾ നല്കുന്നതിയുടെ വിതരണോദ്ഘാടനം റോജി എം. ജോൺ എം എൽ എ വഹിച്ചു. അസോസിയേഷൻ പ്രസിഡന്റ് എൻ.വി. പോളച്ചൻ അഷനായിരുന്നു. മുൻ പ്രസിഡന്റ് സാജു ചാക്കോ കൂപ്പൺ ഏറ്റുവാ ആറു ലക്ഷം രൂപയുടെ ഗിഫ്റ്റ് വൗച്ചറുകളാണ് സംഘടന സൗമായി അംഗങ്ങൾക്ക് നല്കുന്നത്. ഈ മാസം 25 വരെയാണ് കാഡി. ഈ പദ്ധതിയിലൂടെ അങ്കമാലി ടൗണിലെ ചെറുകിട വ്യാപാഖലയിൽ ഇക്കാലയളവിൽ 25 ലക്ഷം രൂപയുടെ അധിക വിറ്റു വണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഭാരവാഹികളായ ഡാന്റി സ്, തോമാസ് കുര്യാക്കോസ്, പി.ഒ. ആന്റോ, സി.ഡി. ചെറിയാൻ, നി പോൾ, എം.ഒ. മാർട്ടിൻ, ജില്ലാ സെക്രട്ടറി സനൂജ് സ്റ്റീഫൻ എർ പ്രസംഗിച്ചു.

വില്ലേജ് ഓഫീസറില്ല; മാർച്ച് നടത്തി

കാഞ്ഞൂർ: കോൺഗ്രസ് കാഞ്ഞൂർ മണ്ഡലം കമ്മിറ്റിയുടെ നേതൃത്വത്തിൽ പുതിയേടം വില്ലേജ് ഓഫീസിലേക്ക് മാർച്ചും ധർണയും നടത്തി. രണ്ടര മാസക്കാലമായി ഓഫീസർ ഇല്ലാതെ ഒഴിഞ്ഞു കിടക്കുന്ന ഇവിടെ പുതിയ ഓഫീസറെ നിയമിക്കുക, വിദ്യാർഥികളുടെ അഡ്മിഷനുമായി ബന്ധപ്പെട്ട ആവശ്യങ്ങൾ നിറവേറ്റുക, സർക്കാരിന്റെ കുറ്റകരമായ അനാസ്ഥ അവസാനിപ്പിക്കുക, ജനവിരുദ്ധ നയങ്ങൾ തിരുത്തുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ചായിരുന്നു പ്രതിഷേധ സമരം.

അൻവർ സാദത്ത് എംഎൽഎ സമരം ഉദ്ഘാടനം ചെയ്തു. മണ്ഡലം പ്രസിഡന്റ് സെബാസ്റ്റ്യൻ പോൾ അധ്യക്ഷത വഹിച്ചു. പഞ്ചായത്ത് പ്രസിഡന്റ് ഗ്രേസി ദയാനന്ദൻ, വൈസ് പ്രസിഡന്റ് കെ.എൻ. കൃഷ്ണകുമാർ, കെ.വി. പോളച്ച ൻ. വേലായുധൻ, എം.വി.സത്യൻ, എം.ഐ. ദേവസിക്കുട്ടി, പി.ഐ. നാദിർഷ, അഷ്റഫ് കണോലി, സി.കെ. ഡേവീസ്, തോമസ് കൊന്നിക്കര , പി. ലോനപ്പൻ, പി.സി. അനിൽകുമാർ, ടി.വി. ചന്ദ്രൻ, പി.ജി. സത്യവാൻ ര ങ്ങിയവർ പങ്കെടു

കോൺഗ്രസ് കാഞ്ഞൂർ മണ്ഡലം കമ്മിറ്റിയുടെ നേതൃത്വത്തിൽ പുതിയേടം വില്ലേജ് ഓഫീസിലേക്ക് സംഘടിപ്പിച്ച മാർച്ചും ധർണയും അൻവർ സാദത്ത് എംഎൽഎ ഉദ്ഘാടനം ചെയ്യുന്നു.

സാമ്പത്തിക സഹായം നൽകണം

കാലടി: കോവിഡ് മൂലം ദുരിതമനുഭവിക്കുന്ന സ്വകാര്യ ബസ് ജീവനക്കാർക്ക് ഉടമകൾ സഹായം നൽണമെന്ന് ബസ് തൊഴിലാളി യൂണിയൻ ആവശ്യപ്പെട്ടു.

ഒരു ജീവനക്കാരന് ഇന്ന് ലഭിക്കുന്ന കൂലി 300 രൂപ മാത്രമാണ്. എഗ്രിമെന്റുകൾ പ്രകാരമുള്ള കൂലിയും പുതുക്കി നൽകിയില്ല.

ഓണത്തോടനുബന്ധിച്ച് സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്ന കാലടി പെരുമ്പാവൂർ, അങ്കമാലി, കൊരട്ടി മേഖലയിലെ സ്വകാര്യ ബസ് ജീവനക്കാർക്ക് ഉത്സവബത്ത നൽകണമെന്ന് അസോസിയേഷൻ ഭാരവാഹികളായ പി.ജെ. വർഗീസ്, കെ.പി. പോളി, കെ.എസ്. ബി

നായരമ്പല സാന്ത്വന

വൈപ്പിൻ: അംഗത്വം എടു ള്ള നായരമ്പലം സർവീ ഷൻ പദ്ധതിക്ക് തുടക്കമ ത്തിക്കുകയാണ് ചെയ്യു പദ്ധതിയുടെ ഉദ്ഘാടന പറമ്പിൽ ടി.പി. വിക്ടറിന ന്റ് പി.കെ. രാജീവ് നിർവ